## കേരള കാർഷിക സർവകലാശാല വാർത്തകൾ

**(ആഗസ്റ്റ് 13 – 19, 2021)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**

**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2021 – 34** **Dt. 12.08.2021**

**ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ**

നെല്പാടങ്ങളിൽ ഓലചുരുട്ടിപ്പുഴുവിന്റേയും, തണ്ടുതുരപ്പൻ പുഴുവിന്റെയും ഉപദ്രവം കണ്ടു വരുന്നു. പ്രത്യേകിച്ച് തണൽ ഉള്ളിടത്ത് ഓലചുരുട്ടിയുടെ ആക്രമണം കൂടുതലായിരിക്കും. മൂടിക്കെട്ടിയ അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ നെല്ലിലെ ഓലചുരുട്ടിപ്പുഴുവിനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ചിലോണിസ്കാർഡും, തണ്ടുതുരപ്പനെ നിയന്ത്രിക്കാൻ ട്രൈക്കോഗ്രമ്മ ജപ്പോനിക്കം കാർഡും ഉപയോഗിക്കുക. ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രമ്മ കാർഡ് മതിയാകും. ഇതിന്റെ മുട്ടക്കാർഡുകൾ സംസ്ഥാന കൃഷിവകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന ബയോകൺട്രോൾ ലാബിലും വെള്ളാനിക്കരയിലെ ഹോർട്ടിക്കൾച്ചർ കോളേജിലെ ബയോകൺട്രോൾ ലാബിലും ലഭ്യമാണ്. ഒരേക്കറിലേക്ക് രണ്ട് കാർഡ് മതിയാകും. ഒരു കാർഡ് 10 കഷ്ണമാക്കിയതിനുശേഷം അഞ്ച് സെന്റ് സ്ഥലത്തിന് ഒരു കഷ്ണമെന്ന കണക്കിന് നെല്ലോലകളിൽ ഉറപ്പിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മില്ലി ക്ലോറാൻട്രനിലിപ്രോൾ 10 ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. ബാക്റ്റീരിയമൂലമുള്ള ഇല കരിച്ചിലിനു ചാണക വെള്ളത്തിന്റെ തെളി 2% (20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി അതിന്റെ തെളിയിൽ 20 ഗ്രാം സ്യൂഡോമോണസ് ചേർത്ത് തളിച്ച് കൊടുക്കുക) .

തെങ്ങോലകൾക്ക് നല്ല പച്ചനിറം കിട്ടാനും എണ്ണയുടെ ഉല്പാദനം കൂടാനും തെങ്ങൊന്നിന് 500 ഗ്രാം വീതം മഗ്നീഷ്യം സൾഫേറ്റ് ചേർക്കുന്നത് നല്ലതാണ്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ ചാല് കീറി നീർവാർച്ച മെച്ചമാക്കണം. തറനിരപ്പിൽ നിന്ന് ചുരുങ്ങിയത് ഒരു മീറ്റർ താഴെയാകണം ജലനിരപ്പ്. ചെരിവുള്ള തോട്ടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കണം. മേൽമണ്ണ് നഷ്ടപ്പെടുമ്പോൾ മൂലകങ്ങളും ഫലപുഷ്ടിയുള്ള സൂക്ഷ്മജീവികളും നഷ്ടപ്പെട്ട് മണ്ണിന്റെ ഉല്പാദനക്ഷമത നശിക്കും. തെങ്ങിൻതോപ്പിലെ ഇടവിളകളെ സംരക്ഷിച്ച് അവയ്ക്കുള്ള വളങ്ങളും കൂടി ചേർക്കുകയാണെങ്കിൽ നാളികേര ഉല്പാദനം കൂടും. മഴക്കാലമായതിനാൽ, തെങ്ങിലെ കൂമ്പുചീയൽ രോഗത്തിനു മുൻകരുതലായി സുഷിരങ്ങൾ ഇട്ട മാങ്കോസെബ് സാഷ് ഒരു പായ്ക്കറ്റിൽ 5 ഗ്രാം വീതം മൂന്ന് എണ്ണം ഓരോ തെങ്ങിന്റെയും കൂമ്പിനു ചുറ്റും വയ്ക്കുക.

നേന്ത്രവാഴയുടെ വിളവെടുപ്പ് നടന്ന് കൊണ്ടിരിക്കുന്ന തോട്ടങ്ങളിൽ, കുല വെട്ടിയെടുത്ത മാതൃവാഴകളിൽ നിന്ന് ആരോഗ്യമുള്ള സൂചിക്കന്നുകൾ ഇളക്കിയെടുത്ത് വൃത്തിയാക്കി സൂക്ഷിക്കണം. പഴയ വേരുകൾ നീക്കി തണ്ട് അരയടി നീളത്തിൽ നിർത്തി മുറിച്ചശേഷം കന്ന് ചാണകവും ചാരവും വെള്ളത്തിൽ കലർത്തിയ മിശ്രിതത്തിൽ മുക്കിയെടുത്ത് തണലിൽ ഉണക്കി സൂക്ഷിക്കണം. പിന്നീട് രണ്ടാഴ്ച്ചയോളം തണലുള്ള സ്ഥലത്ത് മഴ നനയാതെ സൂക്ഷിച്ച് വെച്ചതിന് ശേഷം നടാം. പിണ്ടിപ്പുഴുവിന്റെ പുഴുവുള്ള തണ്ടുകൾ വെട്ടി കഷണങ്ങളാക്കി തെങ്ങോലയോ മറ്റോ കൂട്ടിയിട്ട് കത്തിച്ച് വണ്ടിനേയും പുഴുക്കളേയും കൊല്ലണം.

നല്ല വളക്കൂറുള്ള മണ്ണിലും ധാരാളം ജൈവ വളം ചേർക്കുന്ന കുരുമുളകുകൊടിക്കും രാസവളം കുറച്ചു നൽകിയാൽ മതി. കൊടിയുടെ ചുറ്റും രണ്ടടിവ്യാസത്തിൽ എടുത്ത തടത്തിൽ വളം വിതറി മുപ്പല്ലി കൊണ്ട് കൊത്തിച്ചേർക്കാം. തടമെടുക്കുമ്പോൾ വേരുകൾക്ക് മുറിവേറ്റാൽ ദ്രുതവാട്ടത്തിനുള്ള സാദ്ധ്യത കൂടും. വളം ഒലിച്ച് നഷ്ടപ്പെടാ

തിരിക്കാനും, മണ്ണിലെ ഈർപ്പം നിലനിർത്തുന്നതിനും, താപനില ക്രമീകരിക്കുന്നതിനും, കളനിയന്ത്രണത്തിനു പുതയിടീൽ സഹായിക്കും. മഴ ശമിക്കുന്നതോടെ സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയും ട്രൈക്കോഡെർമ്മ കൾച്ചർ ചുവട്ടിൽ ചേർക്കുകയും ചെയ്യുകയാണെങ്കിൽ ദ്രുതവാട്ടം /പൊള്ളുരോഗം എന്നിവ നിയന്ത്രിക്കാൻ സാധിക്കും.

നട്ട് ഒരു വർഷം പ്രായമായ ജാതി തൈയ്ക്ക് യൂറിയ, മസ്സൂറിഫോസ്, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് എന്നിവ യഥാക്രമം 45, 90, 90 ഗ്രാം വീതം ചേർക്കാം. രണ്ടു വർഷം പ്രായമായതിന് 90, 180, 180 ഗ്രാം വീതവും ചേർക്കണം. മൂന്നാം വർഷം മുതൽ വളത്തിന്റെ അളവ് ക്രമമമായി വർദ്ധിപ്പിച്ച് 15 വർഷം പ്രായമാകുന്നതോടെ യൂറിയ 1.3 കിലോ, മസ്സൂറിഫോസ് 1.6 കിലോ, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് 1.6 കിലോ എന്നതോതിൽ നൽകണം.

**അറിയിപ്പ്**

- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ പാൽ കൂൺ, ചിപ്പി കൂൺ എന്നിവയുടെ വിത്തുകൾ വിൽപനയ്ക്ക് തയ്യാറായിട്ടുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487– 2370773**
- കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വ കലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്**.** ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487–2370773**
- കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണശാലയിൽ പഴങ്ങളും പച്ചക്കറികളും സംസ്കരിച്ച് ഉപഭോക്താവിന്റെ ആവശ്യാനുസരണം വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി നൽകുന്നു. പച്ചക്കറികൾ കൊണ്ടുള്ള കൊണ്ടാട്ടങ്ങൾ (പാവൽ, വെണ്ട, പയർ), പൊടികൾ വിവിധ തരം അച്ചാറുകൾ, ജാം, പഴം ഹൽവ, ചില്ലി സോസ്, തക്കാളി സോസ് തുടങ്ങിയ വിവിധങ്ങളായ മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഇവിടെ തയ്യാറാക്കാൻ സാധിക്കും. കൂടാതെ വാട്ടുകപ്പ പോലെ പഴം പച്ചക്കറികൾ ഉണക്കി സൂക്ഷിക്കേണ്ട പ്രാഥമിക സംസ്കരണവും ചെയ്തു കൊടുക്കുന്നതാണ്.

**നിബന്ധനകൾ**

1. കുറഞ്ഞത് 10 കിലോഗ്രാം പഴം, പച്ചക്കറി ഉണ്ടാവണം.
2. കർഷകർക്ക് താൽപ്പര്യമുള്ള ഉൽപ്പന്നമോ അസംസ്കൃത വസ്തുവിന്റെ ഗുണനിലവാരം അനുസരിച്ച് വിപണന സാധ്യതയുള്ള ഏതെങ്കിലും ഉൽപ്പന്നമോ തയ്യാറാക്കി നൽകുന്നു.
3. മൂല്യവർദ്ധിത ഉൽപ്പന്നം തയ്യാറാക്കുവാൻ വേണ്ടി വസ്തുക്കളുടെ വിലയും കൂലിച്ചിലവും കർഷകർ അടയ്ക്കണം.
4. മൂല്യവർദ്ധിത ഉൽപ്പന്നം പാക്ക് ചെയ്യുവാനുള്ള വസ്തുക്കൾ കർഷകർ കൊണ്ടു വന്നാൽ അതിൽ പാക്ക് ചെയ്തും നൽകും.
5. കേരള കാർഷിക സർവകലാശാലയുടെ പേരിൽ ഇത് വിപണനം ചെയ്യുവാൻ സാധ്യമല്ല. ഉൽപ്പന്നം കർഷകർ തന്നെ അവരുടെ സ്ഥാപനപേരിൽ വിപണനം ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0487–2370773, 8089173650** എന്നീ ഫോൺ നമ്പറുകളിലോ ccmannuthy@kau.in എന്ന മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്

ഒപ്പ്/–

**പ്രൊഫസർ & ഹെഡ്**